ഇ-സ്റ്റാമ്പിംഗ്

273 (1358) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ആക്ട് ഭേദഗതിയിലൂടെ സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ:

(ബി) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമ്പോൾ സ്റ്റാമ്പ് വെണ്ടർമാർ വഴി ട്രഷറി വകുപ്പിന്റെ കീഴിൽ തന്നെയാണോ നടപ്പാക്കുന്നത്;

(സി) മുദ്രപത്ര വിതരണവും ഇ-സ്റ്റാമ്പിംഗ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാനത്ത് ആധാര രജിസ്ട്രേഷനായി നിലവിലുള്ള മുദ്രപത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പ് കൂടി ഉപയോഗിക്കുന്നതിനായി 1959 -ലെ കേരള മുദ്രപത്ര നിയമത്തിൽ 19-9-2015-ലെ 2122-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരമുള്ള ഓർഡിനൻസ് മുഖേന ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ കേരള നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനായി നിയമസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. വ്യാജ മുദ്രപ്പത്രങ്ങളെ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.
4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

(ബി) ഈ വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly